STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.305/PR/SPMC/PHQ/2026 Date:22.07.2026

# പത്രക്കുറിപ്പ്

## 205 സ്കൂളുകളിൽ പുതിയ സ്റ്റുഡൻറ് പോലീസ് യൂണിറ്റുകൾ: ആഭ്യന്തരമന്ത്രി പ്രഖ്യാപനം നടത്തി

## എല്ലാ എസ്.പി.സി കേഡറ്റുകളേയും തൂഫാൻ വാരിയർമാരായി പ്രഖ്യാപിച്ചു

സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയിലേക്ക് പുതുതായി ഉൾപ്പെടുത്തിയ യൂണിറ്റുകളുടെ പ്രഖ്യാപനം ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല നിർവ്വഹിച്ചു. 205 സ്കൂളുകളിലാണ് പുതിയ യൂണിറ്റുകൾ അനുവദിക്കുക. സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് ബാഡ്ജുകൾ നൽകി അവരെ തൂഫാൻ വാരിയേഴ്സായി മന്ത്രി പ്രഖ്യാപിച്ചു. പോൽബ്ലഡ് അംബാസിഡേഴ്സ്, സൈബർ വാരിയേഴ്സ് എന്നിവരായും കേഡറ്റുകളെ പ്രഖ്യാപിച്ചു.

കേരള പോലീസിന്റെ അഭിമാന പദ്ധതികളിൽ ഒന്നാണ് സ്റ്റുഡൻറ് പോലീസ് കേഡറ്റ് എന്നും കുട്ടികളിൽ പൗരബോധവും അച്ചടക്കവും വളർത്തിയെടുക്കുന്നതിൽ എസ്.പി.സി ക്ക് പ്രധാന പങ്കുണ്ടെന്നും ആഭ്യന്തരവകുപ്പ് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. നിലവിൽ എസ്.പി.സി. യൂണിറ്റുകളുള്ള സർക്കാർ സ്കൂളുകൾക്ക് ഇതിന്റെ പ്രവർത്തനത്തിനായി തുക ചെലവാക്കേണ്ടിവരില്ല. എന്നാൽ സ്വാശ്രയ

മേഖലയിൽ ആരംഭിക്കുന്ന യൂണിറ്റുകൾ അതാതിന്റെ പ്രവർത്തനങ്ങൾക്കായി തുക കണ്ടെത്തേണ്ടിവരും. സാമ്പത്തികമായ പ്രതിസന്ധി ഉള്ളതുകൊണ്ടാണിതെന്ന് അദ്ദേഹം പറഞ്ഞു. ലഹരിക്കെതിരായ യുദ്ധം ജയിക്കേണ്ടത് കേരളത്തിന്റെ ആവശ്യമാണെന്നും ഇക്കാര്യത്തിൽ സ്റ്റുഡൻസ് പോലീസ് കേഡറ്റുകളുടെ ഇടപെടൽ നിർണ്ണായകമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്ന 'ഐ ക്യാൻ' പരിശീലന പദ്ധതിയുടെ ഉദ്ഘാടനം, എസ്.പി.സിയുടെ വാർത്താ ജാലകം പതിപ്പിൻറെയും സ്റ്റുഡൻറ് പോലീസ് കേഡറ്റുകളുടെ വിവരങ്ങൾ അടങ്ങിയ വെബ് പോർട്ടലിൻറെയും പ്രകാശനം എന്നിവയും മന്ത്രി നിർവ്വഹിച്ചു.

ചില രോഗങ്ങൾക്ക് ഔഷധമായി ഉപയോഗിക്കുന്ന മരുന്നുകൾ ലഹരിക്കായി ദുരുപയോഗിക്കുന്ന പ്രവണത നിലനിൽക്കുന്നതിനാൽ, ഡോക്ടർമാരുടെ കുറുപ്പടി ഇല്ലാതെ മരുന്നുകൾ നൽകരുതെന്ന് മെഡിക്കൽ സ്റ്റോറുകൾക്ക് നിർദ്ദേശം നൽകിയതായി ചടങ്ങിൽ അധ്യക്ഷത വഹിച്ച ആരോഗ്യവകുപ്പ് മന്ത്രി കെ. മുരളീധരൻ അറിയിച്ചു. ഈ നിർദ്ദേശം ലംഘിക്കുന്നവരുടെ ലൈസൻസ് റദ്ദാക്കുമെന്നും മന്ത്രി പറഞ്ഞു.

കവടിയാർ സാൽവേഷൻ ആർമി സ്കൂളിൽ നടന്ന ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ, ക്രമസമാധാന വിഭാഗം എ.ഡി.ജി.പി പി. വിജയൻ, ഐ.ജിപിയും സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയുടെ സംസ്ഥാന നോഡൽ ഓഫീസറുമായ എസ്. അജീത ബീഗം, സംസ്ഥാന വിദ്യാഭ്യാസ ഡയറക്ടർ ജനറൽ സ്നഹിൽ കുമാർ സിംഗ്, സാൽവേഷൻ ആർമി സ്കൂൾ പ്രിൻസിപ്പൽ മീര എം. എസ്, മാനേജർ കേണൽ പ്രകാശ് ചന്ദ്ര പ്രധാൻ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ സംസ്ഥാന പ്രസിഡൻറ് ഡോ. എം. എൻ മേനോൻ, സെക്രട്ടറി ഡോ. റോയ് ആർ ചന്ദ്രൻ, സാൽവേഷൻ ആർമി സ്കൂൾ പി.ടി.എ മെമ്പർ ഫസീല കൈപ്പാടി, അധ്യാപകർ,വിദ്യാർത്ഥികൾ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

****************************